പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2745 07.12.2018-ൽ മറുപടിയ്ക്ക്

## നാദാപുരം മണ്ഡലത്തിലെ കോളനികളുടെ സമഗ്ര വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.കെ.വിജയൻ | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) |
| ചോദ്യം | മറുപടി |
| നാദാപുരം മണ്ഡലത്തിലെ നരിപ്പറ്റ, വാണിമേൽ എന്നീ ഗ്രാമ പഞ്ചായത്തുകളിലെ വായാട്, പന്നിയേരി , കുറ്റല്ലൂർ ,മാടഞ്ചേരി എന്നീ കോളനികളുടെ സമഗ്ര വികസന പദ്ധതിയുടെ നിലവിലെ അവസ്ഥ എന്തെന്ന് വിശദമാക്കാമോ? | എ.റ്റി.എസ്.പി. 2015-16 സമഗ്രവികസന പദ്ധതി കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കുന്നതിന് 7 പട്ടികവർഗ്ഗ കോളനികളെ തെരഞ്ഞെടുക്കുകയും ടി പദ്ധതി നടപ്പിലാക്കുന്നതിന് 1005.2 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. ടി കോളനികളിൽ ഉൾപ്പെട്ടിരുന്ന വായാട്, പന്നിയേരി, കുറ്റല്ലൂർ, മാടഞ്ചേരി എന്നീ കോളനികളിൽ പദ്ധതി നടപ്പിലാക്കുന്നതിന് 704.55 ലക്ഷം രൂപയുടെ ഭര ണാനുമതി നൽകിയിരുന്നു. അതു പ്രകാരം നിർവ്വ ഹണ ഏജൻസിയായ എഫ്.ഐ.റ്റി. ആലുവ എന്ന സ്ഥാപനത്തിന് 140.91 ലക്ഷം രൂപ മൊബിലൈസേ ഷൻ തുകയായി അനുവദിച്ചു നൽകിയിരുന്നു. ബാക്കി തുകയായ 563.64 ലക്ഷം രൂപ ജില്ലാകള ക്ടർ കോഴിക്കോടിന്റെയും ട്രൈബൽ ഡെവല പ്പ്മെന്റ് ഓഫീസർ കോഴിക്കോടിന്റെയും ജോയിന്റ് |

ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു.

പദ്ധതി സംക്ഷിപ്ത രൂപം ചുവടെ ചേർക്കുന്നു.

| കോളനി | ഭരണാനുമതി തുക | പദ്ധതിയുടെ പുരോഗതി |
|---|---|---|
| കുട്ടല്ലൂർ കോളനി | 208.94 | 145.19 |
| പന്നിയേരി കോളനി | 176.95 | 50.74 |
| മാടൻഞ്ചേരി കോളനി | 202.91 | 43.36 |
| വായാട് കോളനി | 115.75 | പ്രവർത്തികൾ ആരംഭിച്ചിട്ടില്ല |
| ആകെ | 704.55 | |

സെക്ഷൻ ഓഫീസർ